പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5024

30-06-14 – ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന ബോട്ടുകൾക്ക് സബ്സിഡി നിരക്കിൽ ഇന്ധനം

ചോദ്യം

ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.വി.ശശി | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | ഡീസൽ വിലവർദ്ധനവും കൂടിയ എച്ച്.പി.യുള്ള എഞ്ചിനുകളും ഉപയോഗിക്കുന്നതുമൂലം മത്സ്യബന്ധന ചെലവ് വർദ്ധിക്കുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് കൂടുതൽ മണ്ണെണ്ണയും ഡീസലും സബ്സിഡി നിരക്കിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകൾ ഘടിപ്പിച്ച മത്സ്യബന്ധന ബോട്ടുകൾക്ക് നിലവിൽ സിവിൽ സപ്ലൈസ് വകുപ്പ് വഴി എൻജിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ 129 ലിറ്റർ, 136 ലിറ്റർ, 180 ലിറ്റർ എന്നീ നിരക്കിൽ പ്രതിമാസം പെർമിറ്റ് മുഖാന്തിരം റേഷൻ നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നു. ഈ വിധം ലഭ്യമാകുന്ന മണ്ണെണ്ണ തീരെ അപര്യാപ്തമായതിനാൽ ഇതിലേയ്ക്ക് ഒരു ശാശ്വത പരിഹാരം കാണുന്നതിനായി സംസ്ഥാന സർക്കാർ 2014 – 2015 വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ മണ്ണെണ്ണ സബ്സിഡി നൽകുന്നതിനായി പ്രഖ്യാപിച്ചി ട്ടുണ്ട്. അതനുസരിച്ച് 9 തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് കൊണ്ട് വെള്ള മണ്ണെണ്ണ ലിറ്ററൊന്നിന് 25/- രൂപ സബ്സിഡി നൽകി കൊണ്ട് പ്രതിമാസം ഏകദേശം (137 ലിറ്റർ, 144 ലിറ്റർ, 188 ലിറ്റർ എന്നീ നിരക്കിൽ) വിതരണം ചെയ്യുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.<br>2009-10 വർഷം മുതൽ കേന്ദ്ര ഗവൺമെന്റ് ഡീസൽ സബ്സിഡി ബി.പി.എൽ ബോട്ടുടമകൾക്ക് മാത്രമായി അനുവദിക്കണമെന്ന് നിഷ്ക്കർഷി |

| | | | |
|---|---|---|---|
| | | | ച്ചതിനാൽ 2012-13 മുതൽ ടി പദ്ധതി നിർത്തിവച്ചിരിക്കുകയാണ്. ഗൈഡ്‌ലൈൻസ് എ.പി.എൽ-ബി.പി.എൽ വ്യത്യാസമില്ലാതെ റിവൈസ് ചെയ്യണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോടഭ്യർത്ഥിച്ചി ട്ടുണ്ട്. |
| സി) | മത്സ്യമേഖലയ്ക്കായി പ്രത്യേകം മണ്ണെണ്ണ ക്വാട്ട അനുവദിച്ച് നൽകാൻ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്ര സർക്കാർ തീരുമാനം ലഭിച്ചുവോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | സി) | ഉണ്ട്. സംസ്ഥാനത്ത് ഔട്ട്ബോർഡ് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്ന തിന് പ്രതിമാസം എൻജിൻ ഒന്നിന് 750 ലിറ്റർ നിരക്കിൽ ഒരു വർഷത്തിൽ 10 മാസം പ്രവർത്തിപ്പിക്കുന്നതിന് ആകെ 1,87,500/- കെ.എൽ മണ്ണെണ്ണ ആവശ്യമുള്ള സ്ഥാനത്ത് ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പ് വഴി ലഭിക്കുന്നത് പ്രതിമാസം 2525 കെ.എൽ. നിരക്കിൽ ഒരു വർഷം **30300** കെ.എൽ. മണ്ണെണ്ണ മാത്രമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് മത്സ്യമേഖലയ്ക്കായി പ്രത്യേക മണ്ണെണ്ണ ക്വാട്ട അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. പ്രധാനമന്ത്രിയ്ക്ക് നിവേദ നം നൽകിയത്. ഇത് സംബന്ധിച്ച തീരുമാനമൊന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

Jayasree

**സെക്ഷൻ ഓഫീസർ**